പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 6651

21.11.2019-ൽ മറുപടിക്ക്

## വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിന്റെ മാസ്റ്റർ പ്ലാൻ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**ഡോ.എം. കെ. മുനീർ**<br>**ശ്രീ.എം. സി. കമറുദ്ദീൻ**<br>**,, സി.മമ്മൂട്ടി :** | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിന്റെ സർക്കാർ പ്രഖ്യാപിച്ച മാസ്റ്റർ പ്ലാൻ അനുസരിച്ച് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിന്റെ വികസനത്തിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിയ മാസ്റ്റർ പ്ലാനിന്റെ കരട് രൂപരേഖയിൽ ചുവടെ പറയുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>1. വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിന്റെ 250 മീറ്റർ വീതം നീളമുള്ള രണ്ട് വാർഫുകൾ പരമാവധി ഉപയോഗപ്പെടുത്താവുന്ന രീതിയിൽ ഡ്രഡ്ജിംഗ് പ്രവൃത്തി നടപ്പാക്കുക.<br>2. ഡ്രഡ്ജ്ഡ് മണ്ണ് നിറച്ച് ജിയോ ട്യൂബ് ഉപയോഗിച്ചുള്ള തെക്കു ഭാഗത്തെ ബീച്ചിന്റെ പരിപോഷണം.<br>3. നിലവിൽ നിർമ്മാണം പൂർത്തിയാക്കിയ 1922 മീറ്റർ ചുറ്റുമതിൽ കൂടാതെ 1367 മീറ്റർ നീളത്തിൽ ചുറ്റുമതിൽ നിർമ്മാണ പ്രവൃത്തി.<br>4. വികസന പ്രവൃത്തികളായ ബോട്ട് റിപ്പയറിംഗ് യാർഡ്, നെറ്റ് മെൻഡിംഗ് ഷെഡ്, ലോക്കർ ഹാൾ സംവിധാനം, റെഡി ടു കുക്ക് യൂണിറ്റ്, സീ ഫുഡ് കോർട്ട്, റെസ്ക്യൂ ഷെൽറ്റർ കം കമ്മ്യൂണിറ്റി ഹാൾ, മത്സ്യ വിപണന കേന്ദ്രം, ഡീസൽ ബങ്ക് എന്നിവയുടെ നിർമ്മാണം.<br>5. പൊതു കളിസ്ഥലം നിർമ്മാണം.<br><br>വിഴിഞ്ഞം മാസ്റ്റർ പ്ലാൻ പ്രാവർത്തികമാക്കുവാനായി യൂണിയൻ പ്രതിനിധികൾ ഉൾപ്പെടെ stake-holders മായി ചർച്ചകൾ നടത്തിയെങ്കിലും ഇത് സംബന്ധിച്ച് അന്തിമ തീരുമാനം ആയിട്ടില്ല. |

സെക്ഷൻ ഓഫീസർ